## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3115

03/04/2013 - ലെ മറുപടിയ്ക്ക്

### കാർഷിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ.രാജു<br>ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കാർഷിക പ്രതിസന്ധി പരിഹരിക്കണമെന്നും വരൾച്ചയിൽ നിന്ന് കർഷകരേയും ജനങ്ങളേയും രക്ഷിക്കണമെന്നും ആവശ്യപ്പെട്ട് കിസാൻസഭ സമർ പ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ; | (ബി) നിവേദനത്തിലുന്നയിച്ചിരുന്ന ആവശ്യ ങ്ങൾ അനുബന്ധമായി ചേർത്തിരി ക്കുന്നു. |
| (സി) ഇക്കാര്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ? | (സി) നിവേദനത്തിലുന്നയിച്ചിരിക്കുന്ന വിഷയ ങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി ഡയറക്ടറോടും, സോയിൽ സർവ്വേ ഡയറക്ടറോടും, കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

- കൃഷി നഷ്ടം ഉണ്ടാകുന്ന മുഴുവൻ കർഷകർക്കും യഥാർത്ഥ നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകുക.
- കൃഷി നശിക്കുന്നതോടെ ദുരിതങ്ങളനുഭവിക്കുന്ന കർഷകർക്ക് പ്രത്യേകമായി സാമ്പത്തിക സഹായം നൽകുക.
- മൃഗസമ്പത്തിനും നാശം നേരിടുമ്പോൾ യഥാർത്ഥ നഷ്ടം കണക്കാക്കി സഹായിക്കണം ജീവിക്കുവാൻ പ്രത്യേക സാമ്പത്തിക സഹായം നൽകുക.
- കൃഷിക്കാരുടെ കടങ്ങൾ എഴുതി തള്ളുക.
- ആവശ്യമായ സ്ഥലങ്ങളിലെല്ലാം കുടിവെള്ളം എത്തിക്കുക.
- തോടുകളും കിണറുകളും ആഴംകൂട്ടി ജലലഭ്യത ഉറപ്പുവരുത്തുക.
- ദീർഘകാല പദ്ധതികൾ തയ്യാറാക്കി ഭൂഗർഭ ജലവും ഉപരിതലജലവും വർദ്ധിപ്പിക്കുന്നതിനായി നടപടികൾ കൈക്കൊള്ളുക.
- തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കുക. തണ്ണീർത്തട നീർത്തട നിയമത്തിൽ വെള്ളം ചേർക്കാതെ കർശനമായി നടപ്പിലാക്കുക. കുളങ്ങൾ നികത്തുന്നത് കർശനമായി തടയുക.
- വരൾച്ചാ പ്രതിസന്ധി പരിഹരിക്കുന്നതിനായി അടിയന്തരമായതും ദീർഘകാലത്തേയ്ക്കുള്ളതുമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.
- കൊപ്ര ക്വിന്റലിന് 7500 രൂപയ്ക്കും നാളികേരം കിലോ 25 രൂപയ്ക്കും സംഭരിക്കുക. നീര ചെത്താനുള്ള അവകാശം കർഷകർക്ക് നൽകുക.
- കാലിത്തീറ്റക്ക് 50% സബ്സിഡി നൽകുക, പാലിന്റെ സംഭരണ വില 35 രൂപയായി വർദ്ധിപ്പിക്കുക.
- ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക, പെൻഷൻ 300 രൂപയിൽ നിന്നും 1000 രൂപയാക്കി വർദ്ധിപ്പിക്കുക.
- ഒരു ക്വിന്റൽ നെല്ല് 2500 രൂപയ്ക്ക് സംഭരിക്കുക.
- റബ്ബർ വിലയിടിവ് തടയുക.
- കവുങ്ങ് കർഷകരെ സംരക്ഷിക്കുക. പ്രഖ്യാപിച്ച 10 കോടി രൂപ ഉടൻ നൽകുക.
- ഭൂപരിഷ്ക്കരണ നിയമം സംരക്ഷിക്കുക.
- ഭൂരഹിതർക്ക് ഭൂമി നൽകുക, കൈവശക്കാർക്ക് പട്ടയം നൽകുക.
- കുട്ടനാട്, ഇടുക്കി, വയനാട് പാക്കേജുകൾ, തൃശ്ശൂർ-പൊന്നാനി കോൾ വികസന പദ്ധതി എന്നിവ നടപ്പിൽ വരുത്തുക.
- ഗാഡ്ഗിൽ കമ്മിറ്റിയുടെ കർഷക വിരുദ്ധമായ നിർദ്ദേശങ്ങൾ തള്ളിക്കളയുക.
- മണ്ണും ജലവും പരിസ്ഥിതിയും സംരക്ഷിക്കുക.
- അന്തർ സംസ്ഥാന നദീജലത്തിൽ നിന്നും കേരളത്തിന്റെ പങ്ക് ലഭിക്കുവാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുക.
- പറമ്പിക്കുളം, ആളിയാർ കരാർ നടപ്പിലാക്കുക, കാവേരി ജലത്തിന്റെ പങ്ക് ലഭ്യമാക്കുക.
- ഏലം കിലോയ്ക്ക് 1500 രൂപ നൽകി സംഭരിക്കുക.
- വന്യമൃഗങ്ങളിൽ നിന്നും കൃഷിയേയും ജനങ്ങളേയും രക്ഷിക്കുക. യഥാർത്ഥ നഷ്ടപരിഹാരം നൽകുക.
- എല്ലാ വിളകൾക്കും ഗ്രൂപ്പ് ഫാമിങ്ങ് നടപ്പിലാക്കുക.
- കർഷകർക്ക് 3000 രൂപ പെൻഷൻ നൽകുക.
- കാർഷിക മേഖലയെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
- കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുക.

സെക്ഷൻ ഓഫീസർ